ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME:** 12.30 PM **DATE**:01.02.2025

## പ്രധാനവാർത്തകൾ

1) ജനപ്രിയപ്രഖ്യാപനങ്ങളുമായി 2025 -26 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ്. കാർഷികം, വ്യവസായം, അടിസ്ഥാന സൗകര്യം, തൊഴിൽ, ആരോഗ്യം തുടങ്ങി സമസ്ത മേഖലകളിൽ സമഗ്ര മുന്നേറ്റം വിഭാവനം ചെയ്യുന്ന ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു.

2) കാർഷിക മേഖലയ്ക്ക് കൂടുതൽ ആനുകൂല്യങ്ങൾ; കിസാൻ ക്രെഡിറ്റ് കാർഡ് വായ്പാ പരിധി 5 ലക്ഷമായി ഉയർത്തി; കാർഷികോത്പാദനം വാർഷിപ്പിക്കാൻ പ്രധാനമന്ത്രി ധൻ ധാന്യ യോജന;

3) ആദായനികുതി പരിധി 12 ലക്ഷമായി ഉയർത്തി; പുതിയ ആദായ നികുതി ബിൽ അടുത്തയാഴ്ച; നികുതിദായകർക്കുള്ള സേവനങ്ങൾ ലളിതമാക്കും.

4) ക്ഷേമപദ്ധതികൾക്കും മുൻതൂക്കം; വനിതകൾ , കർഷകർ, പാവപ്പെട്ടവർ, ഇടത്തരക്കാർ തുടങ്ങി എല്ലാ വിഭാഗങ്ങൾക്കും ഊന്നൽ; കാൻസടക്കം ഗുരുതര രോഗങ്ങൾക്കുള്ള 36 മരുന്നുകളുടെ വില കുറയും.

RNU TVPM

5) **ഇൻഷുറൻസ് മേഖലയിലെ വിദേശ നിക്ഷേപം നൂറ് ശതമാനമാക്കി; വനിതാ സംരംഭകർക്ക് 2 കോടി രൂപ വരെ വായ്പ; സംസ്ഥാനങ്ങൾക്ക് 50 വർഷത്തേക്ക് പലിശ രഹിത വായ്പ അനുവദിക്കും.**

********************************

## ബജറ്റ്- ജനറൽ

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള മൂന്നാം എൻഡിഎ സർക്കാരിന്റെ രണ്ടാമത് ബജറ്റ് പാർലമെന്റിൽ അവതരിപ്പിച്ചു. 2025 -26 സാമ്പത്തിക വർഷത്തെ ബജറ്റവതരണത്തോടെ തുടർച്ചയായി എട്ട് ബജറ്റുകൾ അവതരിപ്പിക്കുന്ന ആദ്യ ധനമന്ത്രിയായി ശ്രീമതി നിർമ്മല സീതാരാമൻ മാറി. വനിതകൾ , കർഷകർ, പാവപ്പെട്ടവർ, ഇടത്തരക്കാർ തുടങ്ങി എല്ലാ വിഭാഗങ്ങൾക്കും ഊന്നൽ നൽകുന്നതാണ് ബജറ്റ്. 'വികസിത ഭാരതം' സാക്ഷാത്ക്കരിക്കാനുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കിക്കൊണ്ടാണ് ധനമന്ത്രി ബജറ്റവതരണം ആരംഭിച്ചത്. യുവാക്കൾക്കും വനിതകൾക്കും കർഷകർക്കും പ്രാധാന്യം നൽകി വളർച്ച ത്വരിതപ്പെടുത്തുന്ന ബജറ്റാണിതെന്ന് ശ്രീമതി നിർമ്മല സീതാരാമൻ പറഞ്ഞു.

(ബൈറ്റ്)

കാർഷിക വളർച്ചയും ഉത്പാദന ക്ഷമതയും, തൊഴിൽ കേന്ദ്രീകൃതമായ വികസനം, ഗ്രാമീണ സമൃദ്ധി, എം എസ് എം ഇ കൾ, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം, കയറ്റുമതി തുടങ്ങി പത്തോളം മേഖലകളിൽ വികസന പദ്ധതികൾക്ക് ബജറ്റ് ഊന്നൽ നൽകുന്നു.

********************************

RNU TVPM

## ബജറ്റ്-കൃഷി

കൃഷി, എം എസ് എം ഇ, നിക്ഷേപങ്ങൾ, കയറ്റുമതി എന്നിവ വികസനത്തിന്റെ നാല് പവർ എഞ്ചിനുകളാണെന്ന് ധനമന്ത്രി പറഞ്ഞു. താഴ്ന്ന കാർഷിക ഉൽപ്പാദനക്ഷമതയുള്ള രാജ്യത്തെ 100 ജില്ലകളിൽ സംസ്ഥാനങ്ങളുമായി സഹകരിച്ച് **'ധൻ ധാന്യ കൃഷി യോജന'** പദ്ധതി നടപ്പിലാക്കും. ഗ്രാമീണ കാർഷിക സമൃദ്ധി ലക്ഷ്യമിട്ടുള്ള ഈ പരിപാടിയിലൂടെ, 1.7 കോടി കർഷകർക്ക് പ്രയോജനം ലഭിക്കും. യൂറിയ ഉത്പാദനം വർധിപ്പിക്കുന്നത്തിനായി, അസമിലെ നാമരൂപിൽ 12.7 ലക്ഷം മെട്രിക് ടൺ ശേഷിയുള്ള യൂറിയ പ്ലാന്റ് സ്ഥാപിക്കും. നിലവിൽ ഉത്പാദനപ്രവർത്തനങ്ങൾ നടക്കാത്ത മൂന്ന് യൂറിയ പ്ലാന്റുകൾ വീണ്ടും തുറന്നു പ്രവർത്തിപ്പിക്കും. ദേശീയ സഹകരണ വികസന കോർപ്പറേഷൻ വഴി സഹകരണ മേഖലക്ക് കേന്ദ്രസർക്കാർ സഹായം നൽകും. ഭക്ഷ്യ എണ്ണക്കുരുക്കൾക്കായുള്ള ദേശീയ ദൗത്യം വിജയമായി. ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിച്ചു. ഇതേ പാതയിൽ, പ്രത്യുത്പാദന ശേഷിയുള്ള വിത്തുകൾക്കായി ദേശീയ ദൗത്യം ആരംഭിക്കും. കിസാൻ ക്രെഡിറ്റ് കാർഡ് വായ്പ്പാ പരിധി 3 ലക്ഷത്തിൽ നിന്നും 5 ലക്ഷമായി ഉയർത്തി. യൂറിയ ഉത്പാദനത്തിനും വിതരണത്തിനും ഊന്നൽ നൽകും. സസ്യാഹാരികളുടെ പ്രോട്ടീൻ എന്നറിയപ്പെടുന്ന മഖാന എന്ന താമരവിത്തിനായി പ്രത്യേക ബോർഡ്.

*********************************

## വ്യവസായം - സാങ്കേതികവിദ്യ

മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതി കൂടുതൽ വ്യാപകമാക്കാൻ ബജറ്റിൽ തീരുമാനം. സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കായുള്ള നിക്ഷേപ പരിധി 2.5 മടങ്ങാക്കാനും വിറ്റുവരവ് പരിധി ഇരട്ടിയാക്കാനും തീരുമാനം. മൈക്രോ എൻ്ററർപ്രൈസുകൾക്കായി ക്രെഡിറ്റ് കാർഡുകൾ അവതരിപ്പിക്കും. മെയ്ഡ് ഇൻ ഇന്ത്യ ടാഗിന് പ്രചാരം നൽകും.

RNU TVPM

തദ്ദേശീയ കളിപ്പാട്ട നിർമാണ മേഖലയെ പ്രോത്സാഹിപ്പിക്കും. കളിപ്പാട്ടങ്ങളുടെ ഗ്ലോബൽ ഹബ്ബായി ഇന്ത്യയെ മാറ്റുമെന്ന് ധനമന്ത്രി പറഞ്ഞു.

പാദരക്ഷ, തുകൽ മേഖലയെ പ്രോത്സാഹിപ്പിക്കുന്നത് വഴി 22 ലക്ഷം പേർക്ക് തൊഴിലും 4 ലക്ഷം കോടി രൂപയുടെ വിറ്റുവരവും 1.1 ലക്ഷം കോടി രൂപയിലധികം കയറ്റുമതിയും പ്രതീക്ഷിക്കുന്നു. സ്റ്റാർട്ട് അപ്പുകൾക്ക് 20 കോടി വരെ അനുവദിക്കും. നിലവിലുള്ള സർക്കാർ വിഹിതമായ 10,000 കോടി രൂപയ്ക്ക് പുറമേ 10,000 കോടി രൂപ കൂടിയാണ് സ്റ്റാർട്ട് അപ്പുകൾക്ക് അനുവദിച്ചത്. മൈക്രോ എൻ്റർപ്രൈസസിനുള്ള ക്രെഡിറ്റ് ഗ്യാരന്റി 5 കോടിയിൽ നിന്ന് 10 കോടിയായി വർദ്ധിപ്പിക്കും. പി എം സ്വനിധി വഴി വഴിയോര കച്ചവടക്കാർക്ക് കൂടുതൽ വായ്പാ സഹായം .

ടൂറിസം മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും. ഹോം സ്റ്റേകൾ തുടങ്ങാനായി മുദ്ര ലോണുകൾ അനുവദിക്കും. രാജ്യത്തെ മികച്ച 50 വിനോദസഞ്ചാര കേന്ദ്രങ്ങൾ സംസ്ഥാനങ്ങളുടെ പങ്കാളിത്തത്തോടെ വികസിപ്പിക്കും.

**********************************

RNU TVPM

## <u>വിദ്യാഭ്യാസം- ആരോഗ്യം</u>

നിർമ്മിതബുദ്ധി മേഖലയിൽ അഞ്ഞൂറ് കോടി രൂപ ചെലവിൽ മികവിന്റെ കേന്ദ്രം ആരംഭിക്കും. ബിഹാറിൽ ഫുഡ് ടെക്നോളജി- മാനേജ്മെന്റ് ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും. ഐ ഐ ടി കളുടെ ശേഷി വർധിപ്പിക്കും. 2014 ന് ശേഷം സ്ഥാപിക്കപ്പെട്ട അഞ്ച് ഐ ഐ ടി കളിൽ 6,500 വിദ്യാർത്ഥികളെ കൂടി ഉൾക്കൊള്ളിക്കാനുള്ള അധിക അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കും. മെഡിക്കൽ കോളേജുകളിൽ **10,000** അധിക സീറ്റുകൾ സൃഷ്ടിക്കും. 50,000 സ്കൂളുകളിൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ അടൽ ടിങ്കറിങ് ലാബുകൾ സ്ഥാപിക്കും.എല്ലാ സർക്കാർ സെക്കൻഡറി സ്കൂളുകളിലും ഇന്റർനെറ്റ് സൗകര്യം.

ഇന്ത്യൻ ഭാഷാ പുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കുന്നതിനായി 'ഭാരതീയ ഭാഷാ പുസ്തക്' പദ്ധതി നടപ്പിലാക്കും. അടുത്ത 3 വർഷത്തിനുള്ളിൽ എല്ലാ ജില്ലാ ആശുപത്രികളിലും ഡേ കെയർ ക്യാൻസർ സെൻ്ററുകൾ സ്ഥാപിക്കും; വരും സാമ്പത്തിക വർഷത്തിൽ തന്നെ ഇത്തരം 200 കേന്ദ്രങ്ങൾ സജ്ജമാക്കും.

( വോയിസ്)

IIT കളിലെയും IISC യിലെയും സാങ്കേതിക ഗവേഷണത്തിനായി പ്രധാനമന്ത്രി റിസർച്ച് ഫെലോഷിപ്പ് പദ്ധതിക്ക് കീഴിൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 10,000 ഫെലോഷിപ്പുകൾ നൽകും. താളിയോലഗ്രന്ഥങ്ങൾ സംരക്ഷിക്കാനും, ഡിജിറ്റൈസ് ചെയ്യുന്നതിനും, ഉള്ളടക്കം ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് 'ഗ്യാൻ ഭാരതം' ദൗത്യം നടപ്പിലാക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മ്യൂസിയങ്ങൾ, ലൈബ്രറികൾ, വ്യക്തികൾ തുടങ്ങിയവർ ഇതിൽ പങ്കാളികൾ ആകും. പി എം റിസർച്ച് ഫെലോഷിപ് പദ്ധതിയിലൂടെ അടുത്ത അഞ്ച് വർഷങ്ങളിൽ 10,000 ഫെലോഷിപ്പുകൾ നൽകും. ദേശീയ ജിയോസ്പെഷ്യൽ ദൗത്യം നടപ്പിലാക്കും.

**Editor:RENJITH.P, Source: ലൈവ്, CNRT:ARAVIND.G.S , Reader: NARENDRA MOHAN.V, DEO:USHA.S**

********************************

## സ്ത്രീ ശാക്തീകരണം

പട്ടികജാതി - പട്ടിക വർഗ വിഭാഗത്തിൽ നിന്നും ആദ്യമായി സംരംഭകരാകുന്ന വനിതകൾക്കായി അടുത്ത 5 വർഷത്തിൽ 2 കോടി രൂപ വരെ ലഭിക്കുന്ന വായ്പാ പദ്ധതി അനുവദിക്കും. അങ്കണവാടികൾക്കായി പ്രത്യേക പദ്ധതി. അമ്മമാർക്കും, കുഞ്ഞുങ്ങൾക്കുമായിട്ടാണ് പോഷകാഹാര പദ്ധതി.

********************************

RIUTVPM

## ക്ഷേമപദ്ധതികൾ

36 ജീവൻ രക്ഷാമരുന്നുകളെ കസ്റ്റംസ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കിയെന്ന് ധനമന്ത്രി ബജറ്റിൽ പ്രഖ്യാപിച്ചു. ഓൺലൈൻ പ്ലാറ്റ്ഫോം തൊഴിലാളികളുടെ ക്ഷേമത്തിനായി സാമൂഹിക സുരക്ഷാ പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചു. ഇത്തരം തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡുകൾ ലഭ്യമാക്കുകയും ഇ-ശ്രം പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും ചെയ്യും. പ്രധാനമന്ത്രി ജൻ ആരോഗ്യ യോജനയ്ക്ക് കീഴിൽ അവർക്ക് ആരോഗ്യ പരിരക്ഷയും നൽകും.

37 മരുന്നുകളും 13 പുതിയ രോഗി സഹായ പദ്ധതികളും അടിസ്ഥാന കസ്റ്റംസ് ഡ്യൂട്ടിയിൽ നിന്ന് പൂർണമായും ഒഴിവാക്കും. രാജ്യത്തെ എല്ലാ ജില്ലകളിലും കാൻസർ ചികിത്സാകേന്ദ്രങ്ങൾ സ്ഥാപിക്കും. കുടിയേറ്റം ഒരു അനിവാര്യതയല്ല, ഒരു താല്പര്യം മാത്രമാണ് എന്ന ആശയത്തിൽ ഗ്രാമീണ മേഖലയെ പരിപോഷിപ്പിക്കാൻ നടപടികൾ. സംരംഭ വികസനം, തൊഴിൽ, സാമ്പത്തിക സ്വാതന്ത്ര്യം എന്നിവയിൽ ഗ്രാമീണ സ്ത്രീകളെ ശാക്തീകരിക്കും. യുവ കർഷകർക്കും ഗ്രാമീണ യുവാക്കൾക്കും പുതിയ തൊഴിലവസരങ്ങളും വ്യവസായ അവസരങ്ങളും സൃഷ്ടിക്കും.

RNU TVPM

********************************

## അടിസ്ഥാന സൗകര്യം

പ്രാദേശിക വ്യോമ കണക്ടിവിറ്റിക്കായുള്ള ഉഡാൻ ദൗത്യത്തിന്റെ പരിഷ്കരിച്ച പദ്ധതി ആരംഭിക്കും. 120 പുതിയ ഇടങ്ങളിലേക്ക് ഉഡാൻ വ്യാപിപ്പിക്കും. 25,000 കോടി ആസ്തിയുടെ, മാരിടൈം ഡെവലപ്മെന്റ് ഫണ്ട് ആരംഭിക്കും. ജൽ ജീവൻ ദൗത്യം 2028 വരെ ദീർഘിപ്പിക്കും. 2047 ഓടെ 100 ജിഗാ വാട്ട് ആണവോർജ്ജ ശേഷി കൈവരിക്കുക എന്ന ലക്ഷ്യത്തോടെ, ബന്ധപ്പെട്ട നിയമങ്ങളിൽ മാറ്റങ്ങൾ വരുത്തും. 20,000 കോടി രൂപ ചിലവിൽ ദേശീയ ആണവോർജ്ജ

ദൗത്യം നടപ്പിലാക്കും. 2033 ഓടെ തദ്ദേശീയമായി വികസിപ്പിച്ച അഞ്ച് ചെറിയ മോഡുലർ ആണവ റിയാക്ടറുകൾ എങ്കിലും സജ്ജമാക്കും. പി പി പി മാതൃകയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകും. ബന്ധപ്പെട്ട മന്ത്രാലയങ്ങൾ മൂന്ന് വർഷ കാലാവധിയുള്ള അടിസ്ഥാന സൗകര്യ പൈപ്പ്ലൈനുകൾ ആസൂത്രണം ചെയ്യും.

*******************************

## നികുതി പരിഷ്കാരം

നികുതി ഘടന പരിഷ്കരിക്കും; നികുതിദായകർക്കുള്ള സേവനങ്ങൾ ലളിതമാക്കും; പുതിയ ആദായ നികുതി ബിൽ അടുത്തയാഴ്ച. പുതിയ ബില്ല് നികുതി വ്യവസ്ഥയിലെ മാറ്റം വ്യക്തമാക്കും. നടപടികൾ ലഘൂകരിക്കുമെന്നും ബജറ്റിൽ പ്രഖ്യാപനം. നവീകരിച്ച ഇൻകം ടാക്സ് റിട്ടേണുകൾ നൽകാനുള്ള കാലാവധി നാല് വർഷമാക്കി. മുതിർന്ന പൗരമാരുടെ ടിഡിഎസ് പരിധി ഉയർത്തി. ആദായനികുതി പരിധി ഉയർത്തി. 12 ലക്ഷം വരെ നികുതിയില്ലെന്ന് പ്രഖ്യാപനം. സ്ലാബുകളിലും മാറ്റം.

(വോയിസ്)

*******************************

## വില കൂടും- വില കുറയും

ലിഥിയം ബാറ്ററികളുടെ കസ്റ്റംസ് ഡ്യൂട്ടി ഒഴിവാക്കിയെന്ന് ധനമന്ത്രി. ഇതോടെ ലിഥിയം അയൺ ബാറ്ററികളുടെ വില കുറയും. മൊബൈൽ ഫോൺ ബാറ്ററികളുടെ വില കുറയും. വൈദ്യുത വാഹനങ്ങളുടെ വില കുറയും.

*******************************

RNUTVPM

## ബജറ്റ് - സംസ്ഥാനങ്ങൾ

ഇൻഷുറൻസ് മേഖലയിലെ വിദേശ നിക്ഷേപം 74 ശതമാനത്തിൽ നിന്ന് നൂറ് ശതമാനമാക്കി; ഇന്ത്യ പോസ്റ്റിനെ ലോജിസ്റ്റിക്സ് കമ്പനിയാക്കി മാറ്റും. രാജ്യവ്യാപകമായി ഒന്നര ലക്ഷം പോസ്റ്റ് ഓഫീസുകൾ വഴി പദ്ധതി നടപ്പിലാക്കും.

സംസ്ഥാനങ്ങൾക്ക് 50 വർഷത്തേക്ക് പലിശ രഹിത വായ്പ അനുവദിക്കും. ഇതിനായി ഒന്നര ലക്ഷം കോടി വകയിരുത്തും.

*******************************

## ആകെ വരവ് - ചെലവ്

34.96 ലക്ഷം കോടി രൂപ വായ്പ ഇതര വരുമാനവും 50.65 ലക്ഷം കോടി രൂപ ചിലവും പ്രതീക്ഷിക്കുന്ന ബജറ്റാണ് ധനമന്ത്രി ഇന്ന് അവതരിപ്പിച്ചത്. ധനക്കമ്മി 4.4 ശതമാനത്തിൽ നിലനിർത്തും. ധനക്കമ്മി നികത്താൻ 11.4 ലക്ഷം കോടി വായ്പ സ്വീകരിക്കും.

RNU TVPM

*******************************

## സെൻസെക്സ്

ബജറ്റ് ദിനത്തിൽ ഓഹരി വിപണിയിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 665 പോയിന്റ് ഉയർന്ന് 77,500 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 235 പോയിന്റ് നേട്ടത്തിൽ 23,485 ലും വ്യാപാരം തുടരുന്നു.

*******************************

## നന്ദിപ്രമേയ ചർച്ച

പാർലമെന്റിലെ രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച തിങ്കളാഴ്ച ലോക്സഭയിലും രാജ്യസഭയിലും നടക്കും. ധനകാര്യ ബിൽ 2025, വഖഫ് (ഭേദഗതി) ബിൽ, 2024, ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ, 2025, ബാങ്കിംഗ് നിയമ ഭേദഗതി

ബിൽ, റെയിൽവേ (ഭേദഗതി) ബിൽ, 2024 ഉൾപ്പെടെ 16 ബില്ലുകൾ, പാർലമെന്റിൽ ചർച്ച ചെയ്ത് പാസ്സാക്കും.

********************************

## ലോക പുസ്തകമേള

ഈ വർഷത്തെ ന്യൂഡൽഹി ലോക പുസ്തകമേളയ്ക്ക് ഇന്ന് ഭാരത് മണ്ഡപത്തിൽ തുടക്കമാകും.ഒമ്പത് ദിവസം നീളുന്ന മേള രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യും. 50 ലധികം രാജ്യങ്ങൾ മേളയുടെ ഭാഗമാകും രാഷ്ട്രപതി ഭവനിലെ വാർഷിക ഉദ്യാനോത്സവവും രാഷ്ട്രപതി ഇന്ന് ഉദ്ഘാടനം ചെയ്യും. അമൃത് ഉദ്യാനം നാളെ മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കും.

********************************

## തീര സംരക്ഷണ സേനാ ദിനം

ഇന്ന് 49 -മത് തീര സംരക്ഷണ സേനാ ദിനം. 1977 ഫെബ്രുവരി ഒന്നിനാണ് തീര സംരക്ഷണ സേന ഔദ്യോഗികമായി നിലവിൽ വന്നത്. ദിനാചരണത്തോട് അനുബന്ധിച്ച് കേരളത്തിലും ലക്ഷദ്വീപിലും വിപുലമായ ആഘോഷ പരിപാടികൾ നടന്നു. തീരദേശ ശുചീകരണം, മത്സ്യത്തൊഴിലാളികൾക്കായി അവബോധ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിച്ചു.

RIUTVPM

********************************

## ദേശീയ ഗെയിംസ്

38 -ാമത് ദേശീയ ഗെയിംസ് ഉത്തരാഖണ്ഡിൽ പുരോഗമിക്കുന്നു. നീന്തലിൽ കേരളത്തിൻറെ സജൻ പ്രകാശ് , ഹർഷിത ജയറാം എന്നിവർ ഫൈനൽ മത്സരത്തിലേക്ക് യോഗ്യത നേടി. 4x200 m ഫ്രീസ്റ്റൈൽ റിലേയിൽ കേരളത്തിൻറെ വനിതാ ടീമും ഫൈനലിൽ എത്തി. പുരുഷന്മാരുടെ ഫുട്ബോൾ, പുരുഷ - വനിതാ ടീമുകളുടെ

വോളി ബോൾ തുടങ്ങിയ ഇനങ്ങളിലെ സെമി ഫൈനലിലും കേരളം ഇന്നിറങ്ങും.

*******************************

## ഉപരാഷ്ട്രപതി -മഹാകുംഭമേള

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് മഹാകുംഭമേളയിൽ പങ്കെടുക്കും. ത്രിവേണി സംഗമത്തിൽ അദ്ദേഹം വിശുദ്ധ സ്നാനം നടത്തും. 73 രാജ്യങ്ങളിൽ നിന്നുള്ള നയതന്ത്ര പ്രതിനിധികൾ ഇന്ന് മഹാ കുംഭമേള സന്ദർശിക്കും. നേരത്തെ പത്തു രാജ്യങ്ങളിൽ നിന്നുള്ള 21 അംഗ പ്രതിനിധി സംഘവും മഹാകുംഭമേള സന്ദർശിച്ചിരുന്നു.

*******************************

## കണ്ണൂർ- സിപിഐഎം സമ്മേളനം

സി.പി.ഐ.എം. കണ്ണൂർ ജില്ലാ സമ്മേളനത്തിന് ഇന്ന് തളിപ്പറമ്പിൽ തുടക്കമായി. പോളിറ്റ് ബ്യൂറോ അംഗവും മുഖ്യമന്ത്രിയുമായ പിണറായി വിജയൻ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനം മറ്റന്നാൾ സമാപിക്കും.

RNU TVPM

*******************************

## ഐ.എസ്.എൽ

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് പഞ്ചാബ് എഫ് സി - ബംഗളുരു പോരാട്ടം. വൈകിട്ട് അഞ്ച് മണിക്കാണ് മത്സരം. രാത്രി ഏഴ് മുപ്പതിന് ആരംഭിക്കുന്ന മറ്റൊരു മത്സരത്തിൽ, മുഹമ്മദൻ എസ് സി, മോഹൻ ബഗാനെ നേരിടും.

*******************************

## ഹോക്കി

ഒഡീഷയിലെ റൂർക്കേലൽ ഇന്നലെ നടന്ന ഹോക്കി ഇന്ത്യ ലീഗിൽ J S W സൂർമ ഹോക്കി ക്ലബ്ബിനെ 3-1 ന് പരാജയപ്പെടുത്തി ഹൈദരാബാദ് തൂഫാൻസ് ഫൈനലിൽ കടന്നു. ഇന്ന് കിരീടത്തിനായി ഹൈദരാബാദ് തൂഫാൻസ് , ശ്രാച്ചി രാർ ബംഗാൾ ടൈഗേഴ്സിനെ നേരിടും. നേരത്തെ, തമിഴ്നാട് ഡ്രാഗൺസിനെ പെനാൽറ്റി ഷൂട്ടൗട്ടിൽ പരാജയപ്പെടുത്തിയാണ് ശ്രാച്ചി രാർ ബംഗാൾ ടൈഗേഴ്സ് ഫൈനലിൽ സ്ഥാനം ഉറപ്പിച്ചു.

********************************

## ചാലക്കുടി -ഗതാഗത നിയന്ത്രണം

ചാലക്കുടി - ആനമല റോഡിൽ തമിഴ്നാട് ചെക്പോസ്റ്റ് മുതൽ ചാലക്കുടി ഭാഗത്തേക്ക് 10 കി.മീ ദൂരം ടാറിങ്ങ് പ്രവൃത്തി പുനരാരംഭിക്കുന്നതിനാൽ ഗതാഗത നിയന്ത്രണം ഉണ്ടാകും. മറ്റന്നാൾ മുതൽ ഈ മാസം 17 വരെയാണ് നിയന്ത്രണം. രാവിലെ 10 മുതൽ വൈകിട്ട് 4 വരെ എമർജൻസി വാഹനങ്ങളൊഴികെ പ്രവൃത്തി നടക്കുന്ന ഭാഗങ്ങളിൽ ഗതാഗതം പൂർണ്ണമായി നിരോധിച്ചിട്ടുണ്ട്.

RNU TVPM

********************************

## കണ്ണൂർ - കെ.ജി.എം.ഒ.എ

കണ്ണൂർ കുടിയാന്മല പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ സീനിയർ ക്ലർക്കിൻറെ മരണം സംബന്ധിച്ച വ്യാജ പ്രചാരണങ്ങളെ കേരളാ ഗവൺമെൻറ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ അപലപിച്ചു. നേരത്തെ ജോലി ചെയ്ത സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസറെ പഴിചാരുന്ന തരത്തിൽ വരുന്ന വാർത്തകളിൽ പ്രതിഷേധിക്കുന്നതായും KGMOA വാർത്താക്കുറിപ്പിൽ അറിയിച്ചു.

****************************************************************

********************************

RNU TVPM